പതിനാലാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1945

06.02.2019 ൽ മറുപടി നൽകേണ്ടിയിരുന്നത്

## ഓഖി ദുരന്ത ബാധിതർക്ക് നഷ്ടപ്പെട്ട കേന്ദ്രസഹായം

| | ചോദ്യം<br>ശ്രീ വി എസ് ശിവകുമാർ | | ഉത്തരം<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|---|
| എ | ഓഖി ദുരന്ത ബാധിതർക്കായി സംസ്ഥാന സർക്കാർ ഇതിനകം നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | എ | ഓഖി ദുരന്ത ബാധിതർക്കായി സംസ്ഥാനസർക്കാർ ഇതിനകം നടപ്പിലാക്കിയ പദ്ധതികൾ അനുബന്ധം I ആയി ചേർക്കുന്നു |
| ബി | ഇതിനായി ചെലവഴിച്ച തുകയുടെ വിശദാംശം നല്കാമോ; | ബി | ഓഖി ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി മത്സ്യബന്ധന വകുപ്പിന് 76.32 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ആയതിൽ 19.99 കോടി രൂപ ഇതിനോടകം ചെലവഴിച്ചിട്ടുണ്ട്. ബാക്കി തുക ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു |
| സി | കേന്ദ്രത്തിൽ നിന്നും ഇക്കാര്യത്തിനായി എന്ത് തുകയാണ് ലഭിച്ചത്; ഇതിൽ എത്ര തുക ഇതിനകം ചെലവഴിച്ചു; വ്യക്തമാക്കാമോ; | സി | കേന്ദ്രത്തിൽ നിന്നും ഇക്കാര്യത്തിനായി 111.7 കോടി രൂപ ലഭിച്ചു ഇതുമായി ബന്ധപ്പെട്ട് സംസ്ഥാന വിഹിതം കൂടി ഉൾപ്പെടുന്ന ദുരന്ത പ്രതികരണ നിധിയിൽ നിന്നും 116.79 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |
| ഡി | ഓഖി ദുരിതാശ്വാസത്തിനായി ലഭിച്ച കേന്ദ്രസഹായം പാഴാക്കിയിട്ടുണ്ടോ; | ഡി & ഇ | സംസ്ഥാന ദുരന്ത പ്രതികരണ നിധി (എസ് ഡി ആർ എഫ്) ദുരന്തനിവാരണ നിയമപ്രകാരം |

| | | | |
|---|---|---|---|
| | ഉണ്ടെങ്കിൽ അതിന് ഉത്തരവാദികൾ ആയിട്ടുള്ള ഉദ്യോഗസ്ഥർ ആരൊക്കെയാണ്; | | രൂപീകൃതമായ സഞ്ചിത നിധിയാണ്. ധനകാര്യ കമ്മീഷൻ നിശ്ചയിച്ചിട്ടുള്ള ഒരു നിശ്ചിത തുക എല്ലാ വർഷവും ദേശീയ ദുരന്ത പ്രതികരണ നിധിയിൽ നിന്നും സംസ്ഥാന ദുരന്ത പ്രതികരണ നിധിയിലേക്ക് അനുവദിക്കും ഓരോ വർഷവും ലഭിക്കുന്ന തുക അതാത് വർഷം ചെലവഴിക്കുന്ന രീതി അല്ല ഈ നിധിക്ക് നിയമപ്രകാരം ഉള്ളത്. നടപ്പ് സാമ്പത്തിക വർഷം ഉപയോഗിക്കാത്ത തുക അടുത്ത സാമ്പത്തിക വർഷത്തേക്ക് മുതൽ കൂട്ടുന്നതാണ് ഈ നിധിയുടെ രീതി. ഇത്തരത്തിൽ എപ്പോഴും സംസ്ഥാനത്തിന്റെ കൈവശം അംഗീകൃത ദുരന്തങ്ങളുടെ പ്രതികരണത്തിന് ആവശ്യമായ പണം ഉണ്ടായിരിക്കുവാൻ ആണ് ഈ നിധിയിലൂടെ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്.<br><br>ദുരന്തം ഉണ്ടാകുന്ന അവസരങ്ങളിൽ സംസ്ഥാനത്തെ ദുരന്ത പ്രതികരണ നിധിയിലേക്കുള്ള തുക മതിയാകാതെ വരുന്ന സാഹചര്യത്തിൽ സംസ്ഥാനം കേന്ദ്രത്തെ ഒരു മെമ്മോറാണ്ടവുമായി അധിക സഹായത്തിനായി സമീപിക്കുകയും കേന്ദ്രസർക്കാർ ആവശ്യമാണെങ്കിൽ ഉന്നത ഉദ്യോഗസ്ഥരെ അയച്ച് പരിശോധിച്ച് അധികമായി ആവശ്യമായി വരുമെന്ന് കാണുന്ന തുക നിർണയിച്ച് കേന്ദ്ര മാനദണ്ഡം പ്രകാരം ചില സന്ദർഭങ്ങളിൽ അധിക സഹായം അനുവദിക്കുകയും ചെയ്യുന്നു. |
| ഇ | നഷ്ടപ്പെട്ട കേന്ദ്രസഹായം പുനസ്ഥാപിച്ചു കിട്ടുവാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ? | | |

| | | | |
|---|---|---|---|
| | | | സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ ലഭിക്കുന്ന ഈ തുക ഏതെങ്കിലും പ്രത്യേക മേഖലയിൽ/ ഘട്ടത്തിൽ ചെലവഴിക്കാനായിട്ടല്ല നൽകുന്നത്. സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ തുക സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡപ്രകാരം മാത്രമേ വിനിയോഗിക്കാൻ സാധിക്കുകയുള്ളൂ. അധികമായി ലഭിക്കുന്ന തുക അതാത് ദുരന്തത്തിന് പ്രത്യേക നിധിയായി അല്ല അനുവദിക്കുന്നത് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിലേക്ക് മൊത്തത്തിൽ അനുവദിക്കുകയും, സംസ്ഥാന എക്സിക്യൂട്ടീവ് കമ്മറ്റി തീരുമാനിക്കുന്നത് പ്രകാരം ജില്ലാ കളക്ടർമാരുടെ ആവശ്യാനുസരണം ഉചിതമായ ദുരന്ത പ്രതികരണത്തിന് ചെലവഴിക്കുകയും ചെയ്യുന്നതാണ് അതിന്റെ രീതി. സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ഒരു തുകയും നഷ്ടം ആകുന്നില്ല. |

സെക്ഷൻ ഓഫീസർ

## അനുബന്ധം I

## A) മത്സ്യബന്ധന വകുപ്പുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയ പദ്ധതികൾ

2017 നവംബർ 29,30 തീയതികളിൽ വീശിയടിച്ച ഓഖി ചുഴലിക്കാറ്റിനെ തുടർന്നുള്ള കടൽക്ഷോഭത്തിൽ 51 മത്സ്യത്തൊഴിലാളികൾ മരണപ്പെടുകയും 92 പേരെ കാണാതാവുകയും ചെയ്തിരുന്നു. ഇതിന് പുറമെ പാർപ്പിട സൗകര്യങ്ങളും മത്സ്യബന്ധനോപകരണങ്ങളും മത്സ്യത്തൊഴിലാളികൾക്കു നഷ്ടമാകുകയും ഇവരെ പുനരധിവസിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇതിനായി ഫിഷറീസ് വകുപ്പിന് നാളിതുവരെയായി 76.32 കോടി രൂപ ലഭ്യമായിട്ടുണ്ട്. റവന്യൂ വകുപ്പ് മുഖേന മരിച്ചതും കാണാതായതുമായ 143 മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് 20 ലക്ഷം രൂപ വീതം അനുവദിച്ചു നൽകി. ഇതിന് പുറമെ മരിച്ച മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 2 ലക്ഷം രൂപ കേന്ദ്ര സഹായവും ലഭ്യമാക്കി. കൂടാതെ 1,13,923/- മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 2,000/- രൂപ വെച്ച് അടിയന്തര ധനസഹായം നല്കി. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന പരിക്കേറ്റ 219 മത്സ്യത്തൊഴിലാളികൾക്ക് അടിയന്തര ചികിത്സാ ധനസഹായമായി 10,68,000/- രൂപ എന്നിവയും നൽകിയിട്ടുണ്ട്.

ഓഖിയിൽ പൂർണ്ണമായും വീട് നഷ്ടപ്പെട്ട 72 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഉണ്ട്. ഇവരിൽ 5 പേർക്ക് ഇതിനകം മുട്ടത്തറയിൽ ഫ്ളാറ്റ് അനുവദിച്ചു നൽകിയിട്ടുണ്ട്. 9 പേർ സ്ഥലം രജിസ്റ്റർ ചെയ്ത് ഭവന നിർമ്മാണ ഘട്ടത്തിലാണ്. 24 പേർ സ്ഥലം കണ്ടെത്തുന്നതും രജിസ്റ്റർ ചെയ്യുന്നതുമായ ഘട്ടങ്ങളിലാണ്. ഇതിനാവശ്യമായ 2.41 കോടി രൂപ ബന്ധപ്പെട്ട ഫിഷറീസ് ജില്ലാ ആഫീസർമാർക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. ജില്ലകളിൽ പദ്ധതി പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു. ഭാഗികമായി വീട് നഷ്ടപ്പെട്ട 458 മത്സ്യത്തൊഴിലാളി ഭവനങ്ങൾ പുനരുദ്ധരിക്കുന്നതിന് 2.04 കോടി രൂപ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് അനുവദിച്ചു നൽകി. കൂടാതെ പൂർണ്ണമായും വീട് നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് പ്രതിമാസം 3,000/- രൂപ വീതം ജില്ലാ കളക്ടർമാർ മുഖേന വീട്ടുവാടക നൽകിവരുന്നു. ഇതിനായി 26.64 ലക്ഷം രൂപ അനുവദിച്ചു.

ഓഖി ദുരന്തത്തിൽ മത്സ്യബന്ധനോപകരണങ്ങൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് അഞ്ചു ഘട്ടങ്ങളിലായി 6.76 കോടി രൂപ നഷ്ടപരിഹാരം അനുവദിച്ചു നൽകി.

ഓഖിയിൽ മരണപ്പെടുകയും കാണാതാവുകയും ചെയ്ത മത്സ്യത്തൊഴിലാളികളുടെ വിധവകളിൽ (പത്താം തരത്തിൽ താഴെ വിദ്യാഭ്യാസമുള്ളവരും 40 വയസ്സിന് താഴെയുള്ളവരുമായ 42 പേർക്ക്) മത്സ്യഫെഡിന്റെ മുട്ടത്തറയിലെ നെറ്റ് ഫാക്ടറിയിൽ ജോലി നൽകി. നിലവിൽ 34 പേർ ജോലി ചെയ്തുവരുന്നു.

ഓഖി ദുരന്തത്തിൽ മരണപ്പെടുകയും കാണാതാവുകയും ചെയ്ത മത്സ്യത്തൊഴിലാളികളുടെ മക്കളായ 309 പേർക്ക് ഡിഗ്രിതലം വരെയുള്ള വിദ്യാഭ്യാസം സൗജന്യമായി നൽകുന്നതിനും ഡിഗ്രി കഴിഞ്ഞ വിദ്യാർത്ഥികൾക്ക് തൊഴിലധിഷ്ഠിത ട്രെയിനിംഗ് കോഴ്സുകൾ സൗജന്യമായി നൽകുന്നതിനും 13 .92 കോടി രൂപ അനുവദിച്ചു. 2037 വർഷം വരെ ആവശ്യമായ തുകയാണ് അനുവദിച്ചിട്ടുള്ളത്. ഈ വർഷം ആവശ്യമായ 56.95 ലക്ഷം രൂപ വിതരണം ചെയ്തു.

ഇതു കൂടാതെ ഓഖി ദുരന്തവുമായി ബന്ധപ്പെട്ട് ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കിയ മറ്റ് പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷിക്കുന്നതിനായി 3 മറൈൻ ആംബുലൻസുകൾ കൊച്ചിൻ ഷിപ്പ് യാർഡ് മുഖേന നിർമ്മിക്കുന്നതിനുള്ള നടപടി ആരംഭിച്ചു. മൊത്തം ആവശ്യമായ 18.24 കോടി രൂപയിൽ 7.36 കോടി ഓഖി ഫണ്ടിൽ നിന്നും

അനുവദിക്കുകയും ആദ്യഘട്ടമായി 1.36 കോടി രൂപ കൊച്ചിൻ ഷിപ്പ് യാർഡിന് അനുവദിക്കുകയും ചെയ്തു.

2. കടലിൽ മത്സ്യബന്ധനത്തിനു പോകുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി 40,000 പേർക്ക് ലൈഫ് ജാക്കറ്റ് നൽകുന്നതിന് 6.10 കോടി രൂപ അനുവദിച്ചു. ആയത് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്.
3. 15,000 മത്സ്യത്തൊഴിലാളികൾക്ക് നാവിക് ഉപകരണങ്ങൾ നൽകുന്നതിന് 15.92 കോടി രൂപ അനുവദിച്ചു. ആദ്യഘട്ടമായി 5000 നാവിക് ഉപകരണങ്ങൾ നിർമ്മിക്കുന്നതിന് കെൽട്രോണുമായി എഗ്രിമെന്റ് ഒപ്പുവെച്ചു. ഗുണഭോക്തൃ തെരഞ്ഞെടുപ്പ് ജില്ലകളിൽ നടന്നുവരുന്നു. ആദ്യഘട്ടമായി 2.29 കോടി രൂപ കെൽട്രോണിന് കൈമാറി. ഐ.എസ്.ആർ.ഒ സൗജന്യമായി നൽകിയ 250 നാവിക് ഉപകരണങ്ങൾ ഇതിനകം തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം ജില്ലകളിൽ വിതരണം ചെയ്തുകഴിഞ്ഞു.
4. 1000 മത്സ്യത്തൊഴിലാളികൾക്ക് സാറ്റ് ലൈറ്റ് ഫോൺ നൽകുന്നതിന് 9.42 കോടി രൂപ അനുവദിച്ചു. ബി.എസ്.എൻ.എൽ മായി ചേർന്ന് പദ്ധതി നടത്തിപ്പിനുള്ള നടപടി സ്വീകരിച്ചു. ജില്ലകളിൽ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടന്നുവരുന്നു.
5. കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷിക്കുന്നതിനായി പ്രത്യേക പരിശീലനം നൽകി സുരക്ഷാ സ്ക്വാഡുകൾ രൂപീകരിക്കുന്നതിന് 7.15 കോടി രൂപ അനുവദിച്ചു. 900 പേർക്ക് ഈ പരിശീലനം നൽകുന്നതാണ്. ഗോവ ആസ്ഥാനമായി പ്രവർത്തിക്കുന്ന നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്ട്സ് എന്ന കേന്ദ്ര സർക്കാർ സ്ഥാപനത്തിലാണ് പരിശീലനം നൽകുന്നത്. ആദ്യബാച്ച് 40 പേരുടെ ട്രെയിനിംഗ് 21.01.2019 ന് പൂർത്തിയായി. അടുത്ത 40 പേരുടെ ബാച്ച് ട്രെയിനിംഗ് 23.01.2019 ന് ആരംഭിച്ചു. 15 ദിവസം വീതമുള്ള ട്രെയിനിംഗ് ചെലവുകൾക്കായി 4.50 കോടി രൂപ ബന്ധപ്പെട്ട ഫിഷറീസ് ജില്ലാ ആഫീസർമാർക്ക് കൈമാറിയിട്ടുണ്ട്. ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ദുരന്തത്തിനിരയായ വിഭാഗത്തിന് സമാശ്വാസമേകണമെന്ന ലക്ഷ്യത്തോടുകൂടി മത്സ്യത്തൊഴിലാളി യുവാക്കളിൽ നിന്ന് 200 പേരെ കോസ്റ്റൽ പോലീസ് സ്റ്റേഷനുകളിൽ കോസ്റ്റൽ ഗാർഡുമാരായി നിയമിക്കുന്നതിന് ഉത്തരവാകുകയും ആഭ്യന്തര വകുപ്പ് നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു.
6. 120 എഫ്.ആർ.പി ബോട്ടുകൾക്ക് 1.94 കോടി രൂപ കേന്ദ്ര ധനസഹായം ബ്ലൂ റവല്യൂഷനിൽ ഉൾപ്പെടുത്തി ലഭ്യമായിട്ടുണ്ട്. ഓഖി ദുരിതബാധിതരെയാണ് ഗുണഭോക്താക്കളായി തെരഞ്ഞെടുക്കുന്നത്. ബാക്കി ആവശ്യമായ 7.94 കോടി രൂപ നൽകുന്ന വിഷയം പരിശോധിച്ചു വരുന്നു.

## B) സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും നടപ്പാക്കിയ പദ്ധതികൾ

1. കർണാടകത്തിൽ എത്തിയ മലയാളി മത്സ്യത്തൊഴിലാളികൾക്ക് ബോട്ടുകൾക്ക് ഡീസൽ നൽകിയ ചെലവും, 2500 രൂപയും നൽകി.
2. പുതുച്ചേരി, തമിഴ്നാട്, ഗോവ, കർണാടക, ഗുജറാത്ത്, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളിൽ എത്തിപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് സഹായങ്ങൾ എന്നിവ നൽകി.
3. മരണപ്പെട്ടവരുടെ ബന്ധുക്കളെ കണ്ടെത്താൻ ഡി.എൻ.എ ടെസ്റ്റ് നടത്തി.
4. കൃഷി നാശം-ദുരിതാശ്വാസ സഹായം നൽകി.
5. ദുരിതാശ്വാസ ക്യാമ്പുകൾ സംഘടിപ്പിച്ചു.
6. കെ.എസ്.ഇ.ബി ക്ക് ഉണ്ടായ നാശനഷ്ടത്തിന് ദുരിതാശ്വാസ സഹായം നൽകി.
7. മത്സ്യതൊഴിലാളികൾക്ക് ഒരു മാസത്തെ സൗജന്യ റേഷൻ(സി.എം.ഡി.ആർ.എഫ് ൽ നിന്നും) - 8.31 കോടി അനുവദിച്ചു.

സെക്ഷൻ ഓഫീസർ

## അനുബന്ധം II

**സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ചെലവഴിച്ച തുക**

- സമുദ്ര മത്സ്യ തൊഴിലാളികൾക്കുള്ള ആശ്വാസ ധനസഹായം - 21.69 കോടി
- മറ്റ് സംസ്ഥാനങ്ങളിൽ എത്തിയ മത്സ്യത്തൊഴിലാളികൾക്കുള്ള സഹായം -62 ലക്ഷം
- മരണപ്പെട്ടവരുടെയും, കാണാതായവരുടെയും ആശ്രിതർക്കുള്ള സഹായം - 11.52 കോടി
- മരണപ്പെട്ടവരുടെ ബന്ധുക്കളെ കണ്ടെത്താൻ ഡി.എൻ.എ ടെസ്റ്റ് - 46 ലക്ഷം
- കൃഷി നാശം - ദുരിതാശ്വാസ സഹായം നൽകി - 12.75 കോടി
- കെ.എസ്.ഇ.ബി ക്ക് ഉണ്ടായ നാശനഷ്ടത്തിന് ദുരിതാശ്വാസ സഹായം - 46.11 കോടി
- തെരച്ചിൽ നടത്തിയതിനുള്ള തുക —2.18 കോടി
- വീടുകളുടെ നാശനഷ്ടത്തിനുള്ള തുക - തിരുവനന്തപുരം മാത്രം - 5.82 കോടി
- ക്യാമ്പുകളുടെയും മറ്റ അനുബന്ധ ചെലവും - 15.59 കോടി
- വായുസേനയുടെ വിമാന കൂലി - 5.63 കോടി (നൽകിയിട്ടില്ല. ബാധ്യതയായി തുടരുന്നു).

സെക്ഷൻ ഓഫീസർ